# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45

26.04.2017-ൽ മറുപടിയ്ക്ക്

## സഹകരണ രംഗത്ത് ഘടനാപരമായ മാറ്റം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഡി.കെ. മുരളി<br>ശ്രീ. ബി.സത്യൻ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. എം. സ്വരാജ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ ഏകകണ്ഠമായ ആവശ്യത്തെ അവഗണിച്ചുകൊണ്ട് എസ്.ബി.റ്റി.-യെ ഇല്ലാതാക്കിയതിന്റെയും നോട്ട് നിരോധനത്തിന്റെ മറവിൽ സഹകരണമേഖലയെ തകർക്കാൻ ശ്രമം നടത്തിയെന്ന ആക്ഷേപത്തിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സഹകരണ രംഗത്ത് ഘടനാപരമായ മാറ്റത്തിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ ഹ്രസ്വകാല മദ്ധ്യകാല വായ്പാ മേഖലയിൽ നിലവിലുള്ള ത്രിതല ഘടനയ്ക്കുപകരം സംസ്ഥാന സഹകരണ ബാങ്കിനേയും ജില്ലാ സഹകരണ ബാങ്കുകളേയും സംയോജിപ്പിക്കുന്നതുവഴി ദ്വിതല ഘടനയിലേക്കുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | കേരളാ ബാങ്ക് രൂപീകരിച്ച് സംസ്ഥാനത്തിന്റെ സ്വന്തം ബാങ്കാക്കി മാറ്റാനുള്ള ശ്രമത്തിന്റെ പുരോഗതി അറിയിക്കുമോ; | (ബി) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന്റെ സാദ്ധ്യതകളും വിവിധ വശങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ അഞ്ചംഗ വിദഗ്ദസമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി 2017 ഏപ്രിൽ അവസാനത്തോടെ റിപ്പോർട്ട് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രാഥമിക സംഘങ്ങളുടെ നവീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്? | (സി) | പ്രാഥമിക സംഘങ്ങളുടെ നവീകരണത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ഇടപാടുകാർക്ക് ജില്ലാ സഹകരണ ബാങ്കുകൾ വഴി റുപേ കിസാൻ കാർഡ് നൽകുന്നതിനുള്ള നിർദ്ദേശം നൽകുന്ന പദ്ധതി. അംഗങ്ങൾക്ക് ജില്ലാ ബാങ്കുകളിൽ മിറർ അക്കൗണ്ട് ആരംഭിച്ച് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി. |

| | | |
|---|---|---|
| | | 2. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പദ്ധതി.<br><br>3. കോർബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസൃതമായി അംഗങ്ങൾക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ.<br><br>4. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള പദ്ധതി. |

സെക്ഷൻ ഓഫീസർ